**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീയുമായി സഹകരിച്ച് ശുദ്ധജല നിർമ്മാണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

**സ.ഉ.(സാധാ) നം. 3244/2017/തസ്വഭവ** **തിരുവനന്തപുരം. തിയതി 07.10.2017**

---

വായന:- 1. കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.06.2017ലെ 7959/ഡി/2016/കെഎസ്എച്ച്ഒ നമ്പർ കത്ത്.

2. 21.06.2017 ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 1.14 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുമായി സഹകരിച്ച് ശുദ്ധജല നിർമ്മാണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള കുടുംബശ്രീ മിഷന്റെ വായന ഒന്നിലെ ആവശ്യം 21.06.2017 ൽ ചേർന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്യുകയും 1.14 നമ്പർ തീരുമാനമായി അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടുംബശ്രീയുമായി സഹകരിച്ച് കുടിവെള്ള നിർമ്മാണ യൂണിറ്റുകൾ ഏറ്റെടുക്കാവുന്നതാണ്.
2) കുടിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.
3) മൊത്തം യൂണിറ്റ് ചെലവിന്റെ 50% ൽ കവിയാത്ത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത്ഫണ്ട് /വികസനഫണ്ട് എന്നിവയിൽ നിന്നും ചെലവഴിക്കാവുന്നതാണ്. ഇത്തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ചെലവാകുന്ന തുക നിർവഹണ ഉദ്യോഗസ്ഥൻ മുൻകൂറായി പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്ന യൂണിറ്റിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കേണ്ടതും, പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്ന സംരംഭക ഗ്രൂപ്പ് അംഗങ്ങൾ ബാക്കി ആവശ്യമായിവരുന്ന തുക വായ്പയായോ അല്ലാതെയോ സ്വരൂപിക്കേണ്ടതുമാണ്. തുടർന്ന് സംരംഭകഗ്രൂപ്പ് പദ്ധതി നിർവഹണം നടത്തേണ്ടതുമാണ്.
4) കുടിവെള്ള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനും, തുടർപ്രവർത്തനം നടത്തുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനം, കുടുംബശ്രീയിൽ നിന്നും 5

പേരടങ്ങുന്ന ഒരു യൂണിറ്റിനെ തിരഞ്ഞെടുക്കേണ്ടതും ചുമതല ഏൽപ്പിക്കേണ്ട തുമാണ്.

5) കുടിവെള്ള നിർമ്മാണ യൂണിറ്റിന്റെ ഉടമസ്ഥാവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആയിരിക്കുന്നതാണ്.
6) സംരംഭക യൂണിറ്റ് ദൈനംദിന പ്രവർത്തനങ്ങൾ നടത്തേണ്ടതും, ബാങ്ക്ലോൺ തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് വരുമാനവിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. വരുമാനവിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനവും സംരംഭക യൂണിറ്റുമായി സംസാരിച്ച് തീരുമാനിക്കേണ്ടതാണ്.
7) ഒരു യൂണിറ്റിന്റെ നിരക്ക് 25.5 ലക്ഷം രൂപയായി നിജപ്പെടുത്തേണ്ടതാണ്.
8) പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്ത്/നഗരസഭകളിൽ സിഡിഎസ് മെമ്പർ സെക്രട്ടറിയെയും, ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളിൽ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററെയും ചുമതലപ്പെടുത്തേണ്ടതാണ്.
9) പദ്ധതി നിർഹണത്തിന് താഴെപറയുന്ന ഘടകങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.
   a) പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം
   b) മെഷിനറി, ജനറേറ്റർ / 3 ഫേസ് വൈദ്യുതി കണക്ഷൻ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എൻ.വിശ്രുതൻ ആചാരി**
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ ആസൂത്രണബോർഡ് മേധാവികൾക്കും(പ.ഡ./ന.കാ.ഡ/ഗ്രാ.വി.ക) മുഖേന)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും (പ.ഡ./ന.കാ.ഡ/ഗ്രാ.വി.ക) മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി
പകർപ്പ്:-

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ